**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പത്തനംതിട്ട ജില്ലയിലെ റാന്നി-പഴവങ്ങാടി, തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്തുകളിലെ പ്രളയബാധിത പ്രദേശങ്ങളിൽപ്പെട്ട ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകയ്ക്കെടുത്ത കരാറുകാർക്ക് വാടകയിളവനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ. (സാധാ) നം.1628/2019/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 29.07.2019.

പരാമർശം: 1. റാന്നി-പഴവങ്ങാടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.01.2019-ലെ 4(1)-ാം നമ്പർ തീരുമാനം

2. മാള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.09.2018-ലെ 23-ാം നമ്പർ തീരുമാനം
3. മാള ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20.04.2019-ലെ കത്ത്.
4. റാന്നി-പഴവങ്ങാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ സി3/3354/ 2018 നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ റാന്നി-പഴവങ്ങാടി ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകയ്ക്കെടുത്ത് വ്യാപാരം ചെയ്തുവന്നിരുന്ന കച്ചവടക്കാർക്ക് 2018-ലുണ്ടായ പ്രളയം മൂലം വൻ നഷ്ടങ്ങളുണ്ടായെന്നും അതിനാൽ, 01.08.2018 മുതൽ മൂന്ന് മാസത്തേക്ക് വാടക ഒഴിവാക്കി നൽകുന്നതിന് അനുമതി നൽകണമെന്നും പരാമർശം(1) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. അതുപോലെ തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സുകളിലും വെള്ളം കയറി നാശ-നഷ്ടങ്ങളുണ്ടായതായും ദുരിതമനുഭവിക്കുന്ന കച്ചവടക്കാർക്ക് 2018 സെപ്റ്റംബർ മുതൽ നാലു മാസത്തേക്ക് വാടക ഒഴിവാക്കി നൽകുന്നതിനും അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പ്രളയക്കെടുതിയിൽപ്പെട്ട കച്ചവടക്കാർക്ക് വാടകയിളവ് നൽകണമെന്ന റാന്നി-പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെയും മാള ഗ്രാമപഞ്ചായത്തിന്റെയും യഥാക്രമം പരാമർശം (1), (2) പ്രകാരം റാന്നി-പഴവങ്ങാടി, മാള ഗ്രാമപഞ്ചായത്തുകളിലെ പ്രളയബാധിത പ്രദേശങ്ങളിൽ ഉൾപ്പെട്ടതും ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതുമായ ഷോപ്പിംഗ് കോംപ്ലക്സുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ കടമുറികൾ

വാടകയ്യെക്കടുത്തവർക്ക് റാന്നി-പഴവങ്ങാടി ഗ്രാമപഞ്ചായത്തിൽ 2018 ആഗസ്റ്റ് 1 മുതൽ മൂന്ന് മാസത്തെയും മാള ഗ്രാമപഞ്ചായത്തിൽ 2018 സെപ്റ്റംബർ 1 മുതൽ നാല് മാസത്തെയും വാടക ഇളവ് അനുവദിക്കുവാൻ 1998-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (കരാറുകാർക്കും പാട്ടക്കാർക്കും കിഴിവനുവദിക്കൽ) ചട്ടങ്ങൾ-5(4) പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

മദീന ബീഗം എ.,
അണ്ടർ സെക്രട്ടറി

സെക്രട്ടറി, റാന്നി-പഴവങ്ങാടി ഗ്രാമപഞ്ചായത്ത് } (പഞ്ചായത്ത് ഡയറക്ടർ മുഖേന)
സെക്രട്ടറി,മാള ഗ്രാമപഞ്ചായത്ത്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ/എൽ.ബി.എ),കേരള
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി. (നം.ആർ.സി.2/115/2019/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ